# പള്ളികഥകൾ

## മിനികഥകൾ      നാല്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ബഹുമാനപ്പെട്ട ജോസഫ് അച്ചൻ പറയുന്ന കഥകൾ എല്ലാം തന്നെ ഞാൻ അന്നേരമന്നേരം തന്നെ കഥാ രൂപത്തിൽ സ്വല്പം പൊടിപ്പും തൊങ്ങലും എല്ലാം വെച്ച് ആക്കുന്നതിൽ അദ്ദേഹത്തിന് ദേഷ്യം ഉണ്ടാകുമെന്നായിരുന്നു ഞാൻ ധരിച്ചിരുന്നത്. എന്തായാലും അദ്ദേഹം മറിച്ച് അതെല്ലാം വളരെ ഇഷ്ടപ്പെടുകയും വീണ്ടും വീണ്ടും പുതിയ കഥകൾ പറഞ്ഞ് എന്നെ പ്രോത്സാഹിപ്പിക്കുകയുമാണ് ചെയ്തത്. എന്തായാലും അദ്ദേഹം പറഞ്ഞ തന്ന കഥകൾ ഞാൻ തയാറാക്കിയാൽ ഏറ്റവും ആദ്യം അദ്ദേഹത്തെയായിരിക്കും കാണിക്കുക. അദ്ദേഹമത് വായിച്ച് രസിച്ചു എന്നു മനസ്സിലാക്കിയിട്ടു മാത്രമേ മറ്റാക്കും അയച്ചു കൊടുക്കുകയുള്ളു.

നമ്മൾക്ക് ആരെങ്കിലും ഇറച്ചിയോ മീനോ തന്നാൽ നമ്മൾ അതിൽ അല്പമായോ അധികമായോ മുളകും മല്ലിയും ഉപ്പും എല്ലാം ചേർത്ത് കൂടുതൽ സ്വാദിഷ്ടമായി തയാറാക്കിയ ശേഷമാണല്ലോ ഒരു സദസ്സിലേക്ക് വിളമ്പുന്നത്. എന്നു കരുതി പ്രിയ അച്ചൻ തന്നത് രുചികരമല്ലന്നോ, ഭോജ്യകരമല്ലന്നോ അല്ല ഞാൻ പറഞ്ഞത്; എന്റെ രീതിയിൽ ഞാനത് ശരിയാക്കിയ ശേഷം കറിയായിട്ടോ വറത്തോ മാത്രമേ വിളമ്പുന്നുള്ളു എന്നുമാത്രം.

# പള്ളിവഴി

ഒരു കത്തോലിക്ക അച്ചൻ ഒരിക്കൽ പുതിയ ഒരു സ്ഥലത്തേക്ക് സ്ഥലംമാറ്റം കിട്ടി പോകാനിടയായി. കത്തോലിക്ക അച്ചന്മാർക്കുള്ള പ്രത്യേകത അവർ മിക്കവരും മുഖം നല്ലവിധം വൃത്തിയായി ഷൗരം ചെയ്ത് വെടിപ്പാക്കി നടക്കുന്നവരായിരിക്കും. കൂടാതെ മിക്കവരും മിക്കപ്പോഴും വെറും പാന്റും ഷർട്ടും മാത്രം ധരിച്ച് നടക്കുന്നവരുമായിരിക്കും. തന്മൂലം അവരെ നേരിട്ട് അറിയാൻ വയ്യാത്തവർ അവർ ഒരു പള്ളീലെ വൈദികനാണെന്ന് മനസ്സിലാക്കത്തില്ലല്ലോ. അവർ അവരുടെ കുപ്പായം ഇട്ടു കഴിഞ്ഞെങ്കിൽ മാത്രമേ അവരെ അറിയാത്തവർഅവർപള്ളീലെഅച്ചനാണെന്ന് അറിയുകയുള്ളല്ലോ!

നമ്മുടെ കഥാനായകൻ അച്ചൻ ബസ്സിറങ്ങി പുതിയ സ്ഥലത്ത് ചുറ്റുപാടും കണ്ണോടിച്ചു നോക്കി. നല്ല ഒരു കൊച്ചുഗ്രാമം. മനോഹരമായ സ്ഥലം. പാവപ്പെട്ട മനുഷ്യർ. വളരെ പ്രകൃതി രമണീയമായ സ്ഥലം. അച്ചന് വളരെ ഇഷ്ടപ്പെട്ടു. അച്ചന് ആവിടുത്തെ പള്ളി എവിടെയാണെന്ന് അറിയത്തില്ല. അടുത്തു കണ്ട ഒരാളോട് ചോദിച്ചു:

"ഇവിടുത്തെ പള്ളി എവിടെയാണ്?"

"കള്ളുഷാപ്പിനടുത്താണ്" മറുപടി കിട്ടി.

അച്ചൻ നേരേ അവർ കൈ ചൂണ്ടികാണിച്ചിടത്തേക്ക് വളരെ ദൂരം നടന്നു. എന്നിട്ടും പള്ളി കണ്ടില്ല. അപ്പോൾ എതിരേ വന്നവരോട് വീണ്ടും അച്ചൻ ചോദ്യം ആവർത്തിച്ചു.

"ഇവിടുത്തെ പള്ളി എവിടെയാണ്?"

"കള്ളുഷാപ്പിനടുത്താണ്" മറുപടി കിട്ടി.

അവരും അതുപോലെ തന്നെ വിരൽ ചൂണ്ടി മറുപടി പറഞ്ഞു. അച്ചൻ പിന്നെയും വളരെ ദൂരം നടന്നു. നടക്കുന്നതിനിടയിൽ മനസ് മന്ത്രിച്ചു: എന്തായാലും പള്ളിക്കടുത്തു തന്നെ കള്ളു കിട്ടുന്നത് നല്ലതായി. വേണ്ടപ്പം കപ്യാരെ വിട്ട് വാങ്ങി കഴിക്കാൻ അധികം സമയം കാത്തിരിക്കേണ്ടി വരികയില്ലല്ലോ. സ്ഥലം കണ്ടിട്ട് നല്ല പച്ച ആറ്റു മീനോ വല്ലതും കിട്ടാൻ സാദ്ധ്യതയുള്ളതുമായ സ്ഥലവുമാണല്ലോ. നല്ല പൊരിച്ച മീനും കൂട്ടിയുള്ള കാര്യം ഓർത്തപ്പോൾ വായിൽ വെള്ളമൂറി. അച്ചൻ നന്മ നിറഞ്ഞ മറയിത്തിന് രണ്ട് സ്വസ്തി കൂടെ ചൊല്ലിയിട്ട് വേഗത്തിൽ നടപ്പു തുടങ്ങി. എന്നിട്ടും പള്ളി കണ്ടില്ല. ഉടനെ എതിരേ വരുന്ന രണ്ടു പേരേ കണ്ടപ്പോൾ അച്ചൻ ചോദ്യം ആവർത്തിച്ചു:

"ഇവിടുത്തെ പള്ളി എവിടെയാണ്?"

"കള്ളുഷാപ്പിനടുത്താണ്" മറുപടി കിട്ടി.

പഴയതുപോലെ തന്നെ വീണ്ടും വിരൽചൂണ്ടി അവരും മറുപടി പറഞ്ഞു. അപ്പോൾ അച്ചന് ഒരു കാര്യം വ്യക്തമായി ഈ ഗ്രാമത്തിലുള്ള എല്ലാവരും നല്ല കള്ളുകുടിയന്മാരാണ്. അപ്പോൾ ഇവിടെ എപ്പോഴും നല്ല കള്ളു കിട്ടാൻ സാദ്ധ്യയുണ്ടല്ലോ. അച്ചൻ വീണ്ടും കന്യമറിയത്തിന് രണ്ട് സ്വസ്തി കൂടെ ചൊല്ലി ആഞ്ഞു നടന്നു. എന്നിട്ടും പള്ളി കണ്ടില്ല. അപ്പോൾ എതിരേ വരുന്ന രണ്ടു സ്ത്രീകളെ കണ്ട് അവരോടും അച്ചൻ ചോദ്യം ആവർത്തിച്ചു:

"ഇവിടുത്തെ പള്ളി എവിടെയാണ്?"

"കള്ളുഷാപ്പിനടുത്താണ്" മറുപടി കിട്ടി.

അവരും വിരൽ ചൂണ്ടി അതുപോലെ തന്നെ മറുപടി പറഞ്ഞു. അപ്പോൾ നമ്മുടെ അച്ചന് ഒരു കാര്യം തീർച്ചയായി: ഇവിടെയുള്ള സ്ത്രീ പുരുഷ ഭേദമെന്യേ ആബാലവൃദ്ധം കള്ളുകുടിയരാണ്. അച്ചൻ പിന്നേയും നടന്നിട്ട് പള്ളി കണ്ടില്ല. അപ്പോൾ അച്ചൻ എതിരേ വന്നവരോട് ചോദിച്ചു:

"ഇവിടുത്തെ കള്ളുഷോപ്പ് എവിടെയാണ്?"

"ഞങ്ങടെ കൂടെ വന്നോളൂ" മറുപടി കിട്ടി.

"ഞാനീ സ്ഥലത്ത് പുതിയതാണ്" അച്ചൻ പറഞ്ഞപ്പോൾ അവർ വളരെ സന്തോഷത്തോടെ അച്ചന്റെ കയ്യേൽ പിടിച്ചു വലിച്ചുകൊണ്ട് പറഞ്ഞു:

"ഇവിടാരെങ്കിലും പുത്തനായി വന്നാൽ അവരേം കൂട്ടി കൊണ്ടുപോയി സൽക്കരിക്കുക എന്നത് ഞങ്ങടെ ഒരു സമ്പ്രദായമാണ്."

അച്ചൻ അവരുടെ കൂടെ സന്തോഷമായി ഷാപ്പിലേക്ക് പോയി. ഇന്നിവരുടെ ചിലവിൽ തന്നെ നടക്കട്ടെ. അച്ചൻ മനസ്സാ വീണ്ടും സന്തോഷിച്ചു.

കള്ളുകുപ്പി വെച്ചു കഴിഞ്ഞപ്പോൾ അച്ചൻ എഴുന്നേറ്റു നിന്ന് കുരിശു വരച്ച് വാഴ്ത്താൻ തുടങ്ങി. അപ്പോഴാണ് കൊണ്ടുവന്നവർ മനസ്സിലായത് ഇതൊരച്ചനാണല്ലോ എന്ന് ഉടനെ തന്നെ ഷാപ്പിലെ ജോലിക്കാരി ജാനകി പൊരിച്ച മീനും കൊണ്ടു വന്നു. അച്ചൻ ജാനകിയുടെ വലുത്തു കയ്യേൽ പിടിച്ചപ്പോൾ അവൾ കുതറി മാറാൻ ശ്രമിച്ചപ്പോൾ:

"അയ്യെ, ഇത്ര പരസ്യമായി കയ്യേൽ പിടിക്കാതെ അങ്ങിനെ താല്പര്യമെങ്കിൽ അപ്പുറത്തേക്ക് വാ" എന്നവൾ പറഞ്ഞ പോയി. അതൊരച്ചനാണെന്ന് അവൾക്കറിയാൻ വയ്യാതെപോയി. അവളുടെ കൈ വിടുവിക്കാതെ അച്ചൻ അവളുടെ കയ്യിനെ വാഴ്ത്താൻ തുടങ്ങി. "ഇതുണ്ടാക്കി ഇവിടെ കൊണ്ടു തന്ന ഈ കൈകളെ ദൈവം വാഴ്ത്തട്ടെ" അച്ചനിതു പറഞ്ഞു കഴിഞ്ഞപ്പോൾ അതു കേട്ട് അവിടെ ഉണ്ടായിരുന്ന ഔസേപ്പച്ചൻ എന്ന പ്രായമായ ഒരാൾ "ആമ്മീൻ" എന്നറിയാതെ പറഞ്ഞപ്പോൾ ദേഷ്യപ്പെട്ട് ജാനകി പറഞ്ഞത്:

"ഇത് നല്ല കരിമീനാണ്; അല്ലാതെ ആമ്മീനല്ല"

കോടതിയിലെ ഗുമസ്തൻ ഉടനെ "ഞാനിവിടെ ഉണ്ടേ" എന്നറിയാതെ പറഞ്ഞു പോയി.